18375
21/8/17

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ശ്രീ.ഐ.സി.ബാലകൃഷ്ണൻ, സുൽത്താൻ ബത്തേരി എം.എൽ.എ.യുടെ അസംബ്ലി നിയോജകമണ്ഡല ആസ്തിവികസന പദ്ധതി - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ. 2802/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 16.08.2017.

പരാമർശം - (1) 11.06.2012-ലെ സ.ഉ.(പി.)332/2012/ധന. നമ്പർ സർക്കാർ ഉത്തരവ്.
(2) പൊതുമരാമത്ത് (നിരത്തുകളും പാലങ്ങളും) വകുപ്പ് ചീഫ് എഞ്ചിനീയറുടെ 08.05.2017 ലെ CE/R&B/LAC ADS/WYD/1025/2016/PRICE നമ്പർ കത്ത്.

ഉത്തരവ്

പൊതുമരാമത്ത് (നിരത്തുകളും പാലങ്ങളും) വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം രണ്ട് പ്രകാരം, "പൂമല - പുതിക്കാട് റോഡ് - 0/000 – 1/250 - വീതി കൂട്ടി ടാറിംഗ്" എന്ന പ്രവൃത്തിയുടെ ഡി.പി.ആർ സമർപ്പിക്കുകയും, പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിരുന്നു.

2. നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.ഐ.സി. ബാലകൃഷ്ണൻ, എം . എൽ . എ - യുടെ 2017-18 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതിയിൽ നിന്നും, "പൂമല - പുതിക്കാട് റോഡ് - 0/000 – 1/250 - വീതി കൂട്ടി ടാറിംഗ്" പ്രവൃത്തിക്ക് ആകെ അടങ്കൽ തുകയായ 64 ലക്ഷം രൂപ ബഹു . എം . എൽ . എ - യുടെ അംഗീകാരത്തിനു വിധേയമായി അനുവദിച്ചുകൊണ്ടും, വകുപ്പ് സംബന്ധമായ നടപടി ക്രമങ്ങളും പരാമർശം ഒന്നിലെ സർക്കാർ ഉത്തരവും പാലിച്ചു കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ് എന്ന നിബന്ധനയോടു കൂടിയും ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3. ആയതു സംബന്ധിച്ച ചെലവ് 4515-00-800-96- പ്രോജക്ട്സ് അണ്ടർ എൽ.എ.സി - എ . ഡി . എസ് എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
സിന്ധു.എൽ.,
സ്പെഷ്യൽ സെക്രട്ടറി.

ശ്രീ . ഐ . സി . ബാലകൃഷ്ണൻ , എം . എൽ . എ.
പൊതുമരാമത്ത് (നിരത്തുകളും പാലങ്ങളും) വകുപ്പ് ചീഫ് എഞ്ചിനീയർ.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സെക്രട്ടറി, ബത്തേരി നഗരസഭ.
ധനകാര്യ വകുപ്പ് (1273/ എൻ . സി . സി 1/2017- ധന തീയതി : 17.07.2017.)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
എ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.